**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 183** **01-02-2023 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് നിയോജക മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കാട് നിയോജകമണ്ഡലത്തിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളും സേവനങ്ങളുമാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | **ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കാട് മണ്ഡലത്തിലെ ആരോഗ്യകേന്ദ്രത്തിൽ ഏർപ്പെടുത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**ആർദ്രം ഒന്നാം ഘട്ടം**<br><br>**ആർദ്രം ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നെന്മണിക്കര പി.എച്ച്.സിയെ കുടുംബാരോഗ്യ കേന്ദ്രമായി തിരഞ്ഞെടുത്ത് അസിസ്റ്റന്റ് സർജൻ 1, നഴ്സിംഗ് ഓഫീസർ ഗ്രേഡ് II-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകളും അനുവദിച്ചു. ആർദ്രം മാനദണ്ഡമനുസരിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചു വരുന്നു.**<br><br>**ആർദ്രം രണ്ടാം ഘട്ടം**<br><br>**ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി വല്ലച്ചിറ, തൃക്കൂർ, വരന്തരപ്പള്ളി, പറപ്പൂക്കര എന്നീ പി.എച്ച്.സികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തിരഞ്ഞെടുക്കുകയും വല്ലച്ചിറ എഫ്.എച്ച്.സിയിൽ നഴ്സിംഗ് ഓഫീസറിന്റെ ഒരു തസ്തികയും തൃക്കൂർ എഫ്.എച്ച്.സിയിൽ ഡോക്ടർ-1, ലാബ് ടെക്നീഷ്യൻ-1, വരന്തരപ്പള്ളി, പറപ്പൂക്കര എന്നീ എഫ്.എച്ച്.സികളിൽ ഡോക്ടർ-1, ലാബ് ടെക്നീഷ്യൻ-1, നഴ്സിംഗ് ഓഫീസർ-1 എന്നീ തസ്തികകളും അനുവദിച്ചിട്ടുണ്ട്.**<br><br>**ആർദ്രം മൂന്നാം ഘട്ടം**<br><br>**ആർദ്രം മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി അളഗപ്പ നഗർ, മറ്റത്തൂർ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തപ്പെട്ട സ്ഥാപനങ്ങളിൽ ഒ പി സമയം രാവിലെ 9.00മുതൽ വൈകിട്ട് 6.00മണിവരെ ആക്കി. രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻ മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കിവരുന്നു** |
| (ബി) | പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട പുതുക്കാട് താലൂക്ക് ആശുപത്രി, മറ്റത്തൂർ കുടുംബാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ അനുവദിച്ചിട്ടുള്ള വികസന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ? | (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റത്തൂർ സാമൂഹികാരോഗ്യകേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി ടി പ്രവർത്തികൾക്കായി 38 ലക്ഷം രൂപ അനുവദിച്ച് നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു.<br><br>പുതുക്കാട് താലൂക്ക് ആശുപത്രിയിലെ മെയിൽ വാർഡിന്റെ വെർട്ടിക്കൽ എക്സ്റ്റെൻഷനുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തികൾക്കായി NHM ROP യിൽ 325 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 8 ബെഡോടുകൂടിയ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. 2ദിവസം നടത്തിയിരുന്ന ഗൈനക്കോളജി ഒ പി ആഴ്ചയിൽ 6 ദിവസമായി ഉയർത്തി. ഏകദേശം 30 വർഷത്തോളം അടഞ്ഞു കിടന്ന ലേബർ റൂം ഓപ്പറേഷൻ തീയറ്റർ എന്നിവ പ്രവർത്തനം ആരംഭിച്ചു. ഐസോലേഷൻ വാർഡ് നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ഒ . പി , ഐ പി, കുട്ടികളുടെ ഒ പി, മൈനർ ഗൈനക്കോളജി പ്രൊസീജിയർ, ഡെന്റൽ യൂണിറ്റ്, എക്സ്റേ, ലാബ്, ഫാർമസി, പോസ്റ്റുമാർട്ടം, പാലിയേറ്റീവ് കെയർ, ഇമ്മ്യൂണൈസേഷൻ, കോവിഡ് ടെസ്റ്റിംഗ്, കോവിഡ് വാക്സിനേഷൻ. IUD insertion, എന്നീ വിഭാഗങ്ങളും പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ 22.09.2021 ലെ സ.ഉ(കൈ) നം. 168/2021/ആ.കു.വ പ്രകാരം നഴ്സിംഗ് ഓഫീസർ-1, ക്ലാർക്ക് -1 എന്നീ തസ്തികകളും 07.10.2016 ലെ സ.ഉ(കൈ) നം. 192/2016/ ആ.കു.വ പ്രകാരം ലാബ് ടെക്നീഷ്യൻ-2 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ